

# ജനഹിതം

വാർത്താപത്രിക

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

2025 ജൂൺ    ലക്കം 6


## തദ്ദേശവാർഡ് വിഭജനം ആദ്യഘട്ടം പൂർത്തിയായി ; അന്തിമവിജ്ഞാപനമായി

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവടങ്ങളിലെ വാർഡ് വിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു . സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്.

പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്ത്, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി എന്നിവയൊഴികെയുള്ള 940 ഗ്രാമപഞ്ചായത്തുകൾ, 86 മുനിസിപ്പാലിറ്റികൾ, ആറ് കോർപ്പറേഷനുകൾ എന്നിവടങ്ങളിലെ വാർഡുകളാണ് പുനർനിർണയിച്ചത്.

അന്തിമവിജ്ഞാപനം ഡീലിമിറ്റേഷൻ കമ്മീഷന്റെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെയും വെബ്സൈറ്റുകളിൽ ലഭ്യമാണ്. 941 ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടായിരുന്ന 15962 വാർഡുകൾ 17337 ആയും 87 മുനിസിപ്പാലിറ്റികളിലെ 3113 വാർഡുകൾ 3241 ആയും ആറ് കോർപ്പറേഷനുകളിലെ 414 വാർഡുകൾ 421 ആയും വർദ്ധിക്കും. ഗ്രാമപഞ്ചായത്തുകളിൽ 1375 വാർഡുകളും മുനിസിപ്പാലിറ്റികളിൽ 128 വാർഡുകളും കോർപ്പറേഷനുകളിൽ കരട് വിജ്ഞാപനവും പ്രസിദ്ധീകരിച്ചു. മൂന്നാംഘട്ടത്തിൽ 14 ജില്ലാപഞ്ചായത്തുകടെയും വാർഡ് പുനർവിഭജനമാണ് നടക്കുക. ഏഴ് വാർഡുകളുമാണ് പുതുതായി രൂപീകരിച്ചത്. ഡീലിമിറ്റേഷൻ രണ്ടാം ഘട്ടത്തിലെ 152 ബ്ലോക്ക്പഞ്ചായത്തുകളുടെ വാർഡ് വിഭജനത്തിന്റെ 152 ബ്ളോക്ക്പഞ്ചായത്തുകളിൽ 180 വാർഡുകളും 14 ജില്ലാ പഞ്ചായത്തുകളിൽ 15 വാർഡുകളും പുതുതായി രൂപീകരിക്കും. 2080 ബ്ളോക്ക്പഞ്ചായത്ത് വാർഡുകൾ 2267 ആയും 331 ജില്ലാ പഞ്ചായത്ത് വാർഡുകൾ 346 ആയും വർദ്ധിക്കും.

| | വാർഡുകളുടെ എണ്ണം ഡീലിമിറ്റേഷന് ശേഷം | നിലവിലുണ്ടായിരുന്ന വാർഡുകളുടെ എണ്ണം | പുതിയ വാർഡുകളുടെ എണ്ണം |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 17337 | 15962 | 1375 |
| മുനിസിപ്പാലിറ്റി | 3241 | 3113 | 128 |
| കോർപറേഷൻ | 421 | 414 | 7 |
| ആകെ | 20999 | 19489 | 1510 |

| | വാർഡുകളുടെ എണ്ണം ഡീലിമിറ്റേഷന് ശേഷം | നിലവിലുള്ള വാർഡുകളുടെ എണ്ണം | പുതിയ വാർഡുകളുടെ എണ്ണം |
|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2267 | 2080 | 187 |
| ജില്ലാപഞ്ചായത്ത് | 346 | 331 | 15 |

## വോട്ടർപട്ടിക,പോളിംഗ് സ്റ്റേഷൻ ക്രമീകരണം : ഇ.ആർ.ഒമാർക്ക് പരിശീലനം

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവടങ്ങളിലെ വാർഡ് പുനർവിഭജനപ്രക്രിയ പൂർത്തിയായതോടെ, വോട്ടർ പട്ടിക ക്രമീകരണപ്രവർത്തനങ്ങൾക്ക് തുടക്കമായി. ഇതിന്റെ ഭാഗമായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുള്ള പരിശീലനപരിപാടി ജില്ലകളിൽ ആരംഭിച്ചു. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സെക്രട്ടറിമാരും കോർപ്പറേഷനുകളിൽ അഡീഷണൽ സെക്രട്ടറിമാരുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ. വോട്ടർ പട്ടിക ക്രമീകരണം, പോളിങ് സ്റ്റേഷൻ സജ്ജീകരണം, ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റം (ERMS) എന്നിവയിലാണ് പരിശീലനം. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നേരിട്ട് പരിശീലനം നൽകിയ മാസ്റ്റർ ട്രെയിനർമാരാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കു പരിശീലനം നൽകുന്നത്. ഒരു ബാച്ചിൽ 60 പേർക്കാണ് പരിശീലനം നൽകുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ രണ്ട് ദിവസവും എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിൽ മൂന്ന് ദിവസവും കാസർകോട് ജില്ലയിൽ ഒരു ദിവസവുമാണ് പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്.

തദ്ദേശസ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന വാർഡുകളിലെ നിലവിലുള്ള വോട്ടർ പട്ടികയിൽ നിന്നും വോട്ടർമാരെ പുനർനിർണയിച്ച വാർഡുകളിലേയ്ക്ക് പുന: ക്രമീകരിക്കും. പുനർനിർണയിച്ച വാർഡുകളിലെ വോട്ടർമാരുടെ എണ്ണത്തിനനുസരിച്ച് പോളിംഗ് സ്റ്റേഷനുകൾ ക്രമീകരിക്കും. പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിച്ചു കഴിഞ്ഞാൽ, പുതിയ വാർഡിലെ പുന:ക്രമീകരിച്ച വോട്ടർ പട്ടികയിൽ നിന്നും വോട്ടർമാരെ പോളിംഗ് സ്റ്റേഷൻ അടിസ്ഥാനത്തിൽ ക്രമീകരിക്കും. ഈ പ്രക്രിയയെല്ലാം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നടത്തുന്നത് Electoral Roll Management System എന്ന സോഫ്റ്റ് വെയറിലൂടെയാണ്. വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പിന്നീട് പുറപ്പെടുവിക്കും.


സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ജനഹിതം, റ്റി.സി-27/6(2), വികാസ് ഭവൻ പി.ഓ, തിരുവനന്തപുരം-695033,
ഫോൺ 0471 2325048, Email : cru.sec@kerala.gov.in, Website :www.sec.kerala.gov.in,
Facebook @ StateElectionCommissionKerala, Instagram : sec_kerala_official

# ഇ. ആർ. ഓ മാർക്ക് പരിശീലനം



# ഗ്രാമസ്വരാജും ഗ്രാമസഭയും



പി ജെ ജയിംസ്

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നതെന്ന് പറഞ്ഞിട്ടുള്ളത് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണ്. ഗ്രാമസ്വരാജ് ഗാന്ധിജിയുടെ രാഷ്ട്രീയ സങ്കൽപ്പമായിരുന്നു.

സ്വയംപര്യാപ്തമായ ഗ്രാമങ്ങൾ എന്നത് ഗാന്ധിജിയുടെ സ്വപ്നവും സ്വയംഭരണാവകാശമുള്ള ഗ്രാമങ്ങളിലൂടെ മാത്രമേ ഇന്ത്യയ്ക്ക് ശക്തി പ്രാപിക്കാൻ കഴിയൂ എന്നദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഇന്നും ഇന്ത്യ ഭരണരംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയ സിദ്ധാന്തമാണ് ഗ്രാമസ്വരാജ്.

ഈ രാഷ്ട്രീയ സിദ്ധാന്തത്തിന്റെ സ്ഥാപനവൽക്കരണമാണ് ഇന്ത്യയിൽ പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പുരാതന ഇന്ത്യയിൽ നിലനിന്നിരുന്ന പഞ്ചായത്തീരാജ് സംവിധാനങ്ങളുടെ ഒട്ടേറെ മാതൃകകൾ നമുക്ക് കാണാൻ കഴിയും. അവയൊക്കെ അന്നറിയപ്പെട്ടിരുന്നത് സഭാ, സമിതി എന്നീ കൂട്ടായ്മകളിലൂടെയാണ്. ഇന്ത്യയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിതാവ് എന്നറിപ്പെടുന്നത് റിപ്പൺ പ്രഭുവാണ്. അദ്ദേഹം 1882 ൽ തന്നെ ഇന്ത്യയിൽ പ്രാദേശിക ഭരണസമിതികൾ സ്ഥാപിക്കാനുള്ള റെസല്യൂഷൻ ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് എന്ന പ്രമേയം പാസ്സാക്കിയിരുന്നതിനാലാണ് അങ്ങനെ അറിയപ്പെടുന്നത്. ഈ പ്രമേയം മാഗ്നകാർട്ട ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് എന്ന പെരുമ വഹിക്കുന്നു. പിന്നീട് 1919 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് (മൊൺടേഗ്ചെംസ്ഫോർഡ് റിഫോംസ്) പ്രകാരം ഇന്ത്യയിലെ ബ്രിട്ടീഷ് പ്രവിശ്യകളിൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടിരുന്നുവെന്നതും ചരിത്രമാണ്.

ഗാന്ധിജിയുടെ സർവോദയ ദർശനത്തിന്റെ മൂർത്തി മദ്ഭാവമാണ് ഗ്രാമസ്വരാജ്. ക്ഷേമരാഷ്ട്രമാണ് ഗാന്ധിജി സർവോദയം കൊണ്ട് ലക്ഷ്യമിട്ടത്. സർവോദയ എന്ന വാക്കിന്റെ അർത്ഥം എല്ലാവരുടെയും ഉന്നമനം (Progress of All) എന്നാണ്. സർവോദയ എന്ന ആശയം ഗാന്ധിജിയ്ക്ക് ലഭിക്കുന്നത് ജോൺ റസ്കിന്റെ 'Unto This Last' എന്ന പുസ്തകത്തിൽനിന്നാണ്. ഗാന്ധിജിയെ ഒരു പുതിയ മനുഷ്യനായി രൂപപ്പെടുത്തിയതും ഗാന്ധിയൻ തത്വചിന്തയ്ക്ക് അടിത്തറ പാകിയതും പ്രധാനമായും 'Unto This Last' എന്ന പുസ്തകവും ലിയോ ടോൾസ്റ്റോയി എന്ന എഴുത്തുകാരനുമായിരുന്നു. തന്റെ ജീവിതത്തിൽ തൽക്ഷണമാറ്റത്തിനിടയാക്കിയ പുസ്തകം എന്നാണ് ഗാന്ധിജി അതിനെക്കുറിച്ചു പറഞ്ഞിട്ടുള്ളത്. ഈ പുസ്തകത്തിൽ നിന്നും ഗാന്ധിജി സ്വാംശീകരിച്ചെടുത്ത ആശയങ്ങൾ ഇവയാണ്. 'ഒരു വ്യക്തിയുടെ നന്മ സമൂഹത്തിന്റെ നന്മയിൽ അടങ്ങിയിരിക്കുന്നു.

എല്ലാ തൊഴിലിനും ഒരേ മൂല്യമാണു ള്ളത്. ഏറ്റവും മഹത്തരമായ ജീവിതമെന്നത് കൃഷിക്കാരന്റെയും കൈവേലക്കാരുടേതുമാണ്. അതായത് തൊഴിലെടുക്കുന്നവരുടേത്'.

ഗാന്ധിയൻ തത്വചിന്തയിലെ പദ്ധതി പരിപാടികളെല്ലാം തന്നെ പാവങ്ങളുടെ സേവനം ലക്ഷ്യമിട്ടുള്ളതായിരുന്നു. ഗാന്ധിജി പറഞ്ഞത് ഇപ്രകാരമാണ്. 'നിങ്ങൾ ഏതൊരു പദ്ധതി നടപ്പിലാക്കുമ്പോഴും ഈ നാട്ടിലെ മുഷിഞ്ഞു കീറിയ വസ്ത്രം ധരിച്ച പട്ടിണി ക്കോലമായ മനുഷ്യനെ മനസ്സിൽ കാണുക. എന്നിട്ട് ആ പദ്ധതി കൊണ്ട് അവർക്കെന്തെങ്കിലും ഗുണമാകുമെങ്കിൽ മാത്രം അത് നടപ്പിൽ വരുത്തുക'. ഉച്ചനീചത്വമില്ലാത്ത, മതവൈര്യമില്ലാത്ത, അയിത്തവും അനാചാരവുമില്ലാത്ത, ഏവർക്കും തുല്യനീതിയും തുല്യപങ്കാളിത്തവുമുള്ള സമത്വസുന്ദരമായ ഒരു ഇന്ത്യയെയാണ് അദ്ദേഹം സർവോദയത്തിലൂടെ സ്വപ്നം കണ്ടത്. സത്യം, അഹിംസ, സാമൂഹികനന്മ, സമത്വം, സ്വാതന്ത്ര്യം, നീതി, സാഹോദര്യം എന്നിവയായിരുന്നു സർവോദയത്തിന്റെ അടിസ്ഥാനതത്വങ്ങൾ.

ഇന്ത്യയുടെ വളർച്ച ഗ്രാമങ്ങളിലൂടെയാവണമെന്നും ഗ്രാമങ്ങളുടെ വളർച്ച കർഷകനിലൂടെയും കൃഷിയിലൂടെയുമാവണം എന്നതായിരുന്നു ഗാന്ധിജിയുടെ വികസന കാഴ്ചപ്പാട്. അതുപോലെ വികസനം എപ്പോഴും ആരംഭിക്കേണ്ടത് താഴേത്തട്ടിൽ നിന്നുമാവണം, അധികാരകേന്ദ്രീകരണമല്ല മറിച്ച് വികേന്ദ്രീകരണമാണ് ഉണ്ടാവേണ്ടത്.

ഗ്രാമതലത്തിൽ അധികാരവും വിഭവങ്ങളും നൽകി സ്വയംഭരണമുള്ള ഗ്രാമങ്ങളെ സൃഷ്ടിക്കണം. തങ്ങൾക്കാവശ്യമായതെല്ലാം കൂട്ടായ്മയിലൂടെ ഗ്രാമങ്ങളിൽ തന്നെ ഉൽപാദിപ്പിക്കണമെന്നും അതിൽ വ്യക്തിഗത അദ്ധ്വാനത്തിന് വളരെയധികം പ്രാധാന്യമുണ്ടെന്നുമാണ് സ്വയംപര്യാപ്തമായ ഗ്രാമങ്ങൾ എന്നതിലൂടെ ഗാന്ധിജി വിശദമാക്കുന്നത്. മറ്റുള്ളവർക്കായി സ്വയം ത്യാഗം ചെയ്യാനുള്ള സന്നദ്ധത, സ്വാർത്ഥ താൽപര്യമില്ലായ്മ എന്നിവയിലൂടെ രാഷ്ട്രീയപാർട്ടികൾ രാഷ്ട്രീയാധികാരമുപയോഗിച്ച് പ്രദാനം ചെയ്യുന്ന രാജനീതിയ്ക്കു പകരം അവരുടെ ലോക നീതിയാണുണ്ടാവേണ്ടത്. ഇത്തരം ജാതി-വർഗ്ഗരഹിതമായ സമൂഹത്തിൽ മനുഷ്യന്റെ അന്തസ്സും സാർവ്വദേശിയ സാഹോദര്യവും ഉയർത്തിപ്പിടിക്കുന്ന മാനവരാശിയുടെ ക്ഷേമത്തിനാണത് ഊന്നൽ നൽകുന്നു. അവിടെ ഞാനും നീയുമില്ല, നമ്മൾ മാത്രമേയു ള്ളൂ. ഇന്ത്യയിലെ പഞ്ചായത്തീരാജ് സംവിധാനത്തിന്റെ ശില്പിയായി അറിയപ്പെടുന്ന ബൽവന്ത്റായ് മേത്ത ഗാന്ധിജിയുമായി അടുത്ത ബന്ധം പുലർത്തിയിരുന്നയാളായിരുന്നു. അദ്ദേഹം ബർദോളി സത്യാഗ്രഹം, ക്വിറ്റ് ഇന്ത്യ സമരം എന്നിവയിലൊക്കെ പങ്കെടുത്തു ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ജയിൽവാസം വരെ അനുഭവിച്ചയാളുമായിരുന്നു. ഗാന്ധിജിയുടെ സർവോദയ എന്ന ആശയം ബൽവന്ത്റായ് മേത്തയിൽ വളരെയധികം സ്വാധീനം ചെലുത്തിയിരുന്നു. ഈ സ്വാധീനമാണ് അദ്ദേഹത്തിന്റെ 'Democratic Decentralisation' എന്ന ആശ യത്തിന് പ്രചോദനമായത്.

'Democratic Decentralisation' എന്ന ആശയമാണ് പിന്നീട് ത്രിതലപഞ്ചായത്തീരാജായി പിറവിയെടുക്കുന്നത്.

ഇന്ത്യയിലെ പഞ്ചായത്തീ രാജ് സംവിധാനത്തിന്റെ ഏറ്റവും വലിയ സവിശേഷത ഗ്രാമസഭ എന്ന ഭരണഘടനാ സംവിധാനത്തിന്റെ സ്ഥാപനമാണ്. സംസ്ഥാന നിയമസഭയ്ക്ക് സമാനമായ നിർവ്വഹണാധികാരങ്ങളുള്ള സ്ഥാപനമായി ഗ്രാമസഭയെ ഗ്രാമതലത്തിൽ നിയമം മൂലം സ്ഥാപിക്കണമെന്നാണ് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243എ വിഭാവനം ചെയ്തിട്ടുള്ളത്. കേരളത്തിലെ പഞ്ചായത്തീരാജ് നിയമത്തിലും അപ്രകാരം ഗ്രാമസഭയുടെ സാന്നിധ്യമുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് മൂന്നിലാണ് ഗ്രാമസഭയുടെ പ്രവർത്തനത്തെക്കുറിച്ചു പ്രതിപാദിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ഒരു നിയോജകമണ്ഡലത്തിലെ വോട്ടർമാരാണ് ഗ്രാമസഭയിലെ അംഗങ്ങളായി വരുന്നത്. മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ വിളിച്ചുചേർത്തു പഞ്ചായത്തിലെ ഭരണനിർവ്വഹണപരമായ കാര്യങ്ങൾ വിശദീകരിക്കേണ്ടതും വികസനം, ആരോഗ്യം, ക്ഷേമം, ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതുമായ നിയമപരമായ ഉത്തരവാദിത്തം അവിടത്തെ ഗ്രാമസഭാ കൺവീനറായ ജനപ്രതിനിധിയ്ക്കുണ്ട്. അതിൽ തുടർച്ചയായി മൂന്നു തവണ വീഴ്ച വരുത്തിയാൽ പ്രസ്തുത ജനപ്രതിനിധിയ്ക്ക് പഞ്ചായത്തിലെ അംഗത്വം നഷ്ടമാകുന്നതാണ്. കൂടാതെ 10% അംഗങ്ങൾ ആവശ്യപ്പെട്ടാലും ഗ്രാമസഭയുടെ പ്രത്യേകയോഗം വിളിച്ചു ചേർക്കാൻ പ്രസ്തുത ജനപ്രതിനിധിയ്ക്ക് ബാധ്യതയുണ്ട്. അതുപോലെ തന്നെ ആ പ്രദേശത്ത് ഏർപ്പെടുത്തേണ്ടതായ തെരുവുവിളക്കുകൾ, കുടിവെള്ളം, ജലസേചനം എന്നിവയ്ക്കാവശ്യമായ പദ്ധതികളുടെ രൂപീകരണം, ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണനിയന്ത്രണം, ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യൽ, ആ പ്രദേശത്തെ ആളുകൾക്കിടയിൽ സൗഹാർദ്ദവും ഐക്യവും സൽമനോഭാവവും വളർത്തുക, സാമൂഹിക തിൻമകളെ പ്രതിരോധിക്കുക തുടങ്ങിയവ ചർച്ച ചെയ്ത് യോജിപ്പിലെത്തുന്നതിന് വേദിയൊരുക്കുക, ഗ്രാമസഭയുടെ മുൻതീരുമാനങ്ങൾ, പദ്ധതികൾനടപ്പിൽ വരുത്തിയതിന്റെ പുരോഗതി റിപ്പോർട്ട് ചെയ്യൽ, വിദ്യാഭ്യാസപരവും സാമ്പത്തികവും സാമൂഹിക നീതിയിലുമധിഷ്ഠിതമായ പദ്ധതികൾ ആവിഷ്ക്കരിക്കുക തുടങ്ങിയ വിഷയങ്ങളിൽ ഗ്രാമസഭാംഗങ്ങൾ നിർവ്വഹിക്കേണ്ട ഉത്തരവാദിത്വങ്ങളും നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽനിന്നും സർവോദയമെന്ന ചിന്താപദ്ധതിയിലധിഷ്ഠിതമായ രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിലെ ഗ്രാമസ്വരാജ് എന്ന നമ്മുടെ രാഷ്ട്രപിതാവിന്റെ രാഷ്ട്രീയലക്ഷ്യ പ്രാപ്തിയിലേക്കുള്ള ദൂരം ഗ്രാമസഭയുടെ സ്ഥാപനത്തിലൂടെ എത്ര സുശക്തമായാണ് നിയമത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നതെന്ന് കാണാവുന്നതാണ്. എന്നാൽ 30 സംവത്സരങ്ങൾ പിന്നിട്ട നമ്മുടെ ഗ്രാമസഭകളും ഗ്രാമഭരണവും ശക്തിപ്രാപിക്കുന്നുണ്ടോ എന്നത് വിചിന്തനീയമാണ്. പഞ്ചായത്ത് വോട്ടർമാരാകുക എന്നു പറഞ്ഞാൽ അത് ഗ്രാമസഭയുടെ അംഗമായി മാറുക എന്നതാണ്. അതിനാലാണ് തദ്ദേശ വോട്ടർ പട്ടികയിൽ പേരുൾപ്പെടുത്തുന്നതിനും ഒഴിവാക്കുന്നതിനുമൊക്കെ വിഭാവനം ചെയ്തിട്ടുള്ള നിയമവും ചട്ടങ്ങളുമൊക്കെ മൊത്തത്തിലുള്ള തദ്ദേശഭരണസംവിധാനത്തിന്റെ ഒരു പ്രതിഫലനമായിമാറുന്നത്. തികച്ചും കക്ഷിരാഷ്ട്രീയ മുക്തമായ ഒരു ഭരണ സംവിധാനമായാണ് തദ്ദേശ ഭരണത്തെ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരമാണ് ചിലയിടങ്ങളിലെങ്കിലും കണ്ടു വരുന്നത്. കേവലം വ്യക്തി വിരോധം തീർക്കുന്നതിനും, രാഷ്ട്രീയ അജണ്ടകൾ അടിച്ചേൽപ്പിക്കുന്നതിനും കക്ഷിരാഷ്ട്രീയ താൽപര്യങ്ങൾ മുൻനിർത്തി ചേരിതിരിഞ്ഞ് പോർവിളി നടത്താനുമുള്ള ഇടങ്ങളായാണ് അത്തരം സ്ഥലങ്ങളിൽ ഗ്രാമസഭകൾ വേദിയായി മാറുന്നത്. അവിടെ രാഷ്ട്രീയ, മത, സാമൂദായിക, വർഗ്ഗബഹുജന താൽപര്യങ്ങളൊക്കെ കടന്നു വരുന്നു. എന്തിനും ഏതിനും ഗാന്ധിജിയെ ആഘോഷിക്കുന്നവരാണ് നമ്മൾ. ഗാന്ധിജിയുടെ ബിംബങ്ങൾ കാണാതെ പോകുന്ന ഒരു ദിവസം പോലും നമ്മുടെ ജീവിതത്തിൽ കാണില്ല. എന്നാൽ ഗാന്ധിയൻ ദർശനങ്ങളും നയപരി പാടികളും പൂർണതോതിൽ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ നമുക്ക് മൗനം മാത്രമാണ് ശീലം.

# തദ്ദേശപൊതുതിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായി നടത്തും- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

2025 ലെ തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായും, ഹരിതചട്ടങ്ങൾ പാലിച്ചുമായിരിക്കും നടത്തുകയെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ പറഞ്ഞു. പ്ളാസ്റ്റിക് മാലിന്യത്തിനെതിരെ പൊരുതുക എന്ന ഈ വർഷത്തെ പരിസ്ഥിതിദിനസന്ദേശം ഉൾക്കൊണ്ടാകണം തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ.

പ്ളാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുകയും, പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ പ്ളാസ്റ്റിക് കൈകാര്യം ചെയ്യുകയും വേണമെന്ന് കമ്മീഷണർ പറഞ്ഞു.

ലോകപരിസ്ഥിതിദിത്തോടനുബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് കമ്മീഷണർ വൃക്ഷത്തൈ നട്ടു. ചടങ്ങിൽ ജീവനക്കാർ സുഗതകുമാരി രചിച്ച "ഒരു തൈ നടാം നമുക്കമ്മയ്ക്കു വേണ്ടി" എന്ന കവിത ആലപിച്ചു. കമ്മീഷൻ സെക്രട്ടറി ബി.എസ്. പ്രകാശ്, സ്റ്റാഫ് വെൽഫെയർ ക്ളബ്ബ് സെക്രട്ടറി അനിൽജോണി, കമ്മീഷനിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# പത്രവാർത്തകളിലൂടെ

## ലോക്പാലിന്റെ അധികാരം

വിശദവാദത്തിന് സുപ്രീം കോടതി ഹൈക്കോടതി ജഡ്ജിമാർക്കെതിരെ പരാതികൾ അന്വേഷിക്കാൻ ലോക്പാലിന് അധികാരമുണ്ടോയെന്ന വിഷയത്തിൽ സുപ്രീംകോടതി ജൂലൈയിൽ വാദം കേൾക്കും. വിഷയം മറ്റൊരു ബെഞ്ച് പരിഗണിക്കേണ്ടതാണെന്ന് പ്രത്യേക ബെഞ്ചിന് നേതൃത്വം നൽകിയ ജസ്റ്റിസ് ബി ആർ ഗവായ് പറഞ്ഞു. ഹൈക്കോടതിയിലെ അഡീഷണൽ ജഡ്ജിക്കെതിരെ ഉയർന്ന രണ്ട് പരാതികളിൽ ജനുവരി 27ന് ലോക്പാൽ പുറപ്പെടുവിച്ച ഉത്തരവിൻമേൽ സ്വമേധയാ എടുത്ത നടപടി പരിഗണിക്കവേയാണ് കൂടുതൽ വാദം കേൾക്കാൻ തീരുമാനിച്ചത്.

(മാധ്യമം, മെയ് 1)

## ജസ്റ്റിസ് ബി ആർ ഗവായ് ചീഫ് ജസ്റ്റിസായി ചുമതലയേറ്റു

ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായ് ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസായി ചുമതലയേറ്റു.
രാഷ്ട്രപതിഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ബോംബെ ഹൈക്കോടതി ജഡ്ജിയായിരുന്ന അദ്ദേഹം 2019 മെയ് 24നാണ് സുപ്രീം കോടതി ജഡ്ജി യായത്.

(ദി ഹിന്ദു, മെയ് 15)

## സംവരണം ട്രെയിൻ കമ്പാർട്ട്മെന്റ് പോലെ - സുപ്രീംകോടതി

രാജ്യത്ത് ജാതി അടിസ്ഥാനമാക്കിയുള്ള സംവരണം ട്രെയിൻ കമ്പാർട്ട്മെന്റ് പോലെയായി മാറിയിരിക്കുന്നുവെന്ന് സുപ്രീം കോടതി. ട്രെയിൻ കമ്പാർട്ട്മെന്റിൽ കയറുന്ന ആളുകൾ മറ്റുള്ളവരെ അകത്തേക്ക് കയറ്റാൻ ആഗ്രഹിക്കുന്നില്ലെന്നും മഹാരാഷ്ട്ര തദ്ദേശസ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പുകളിൽ ഒബിസി സംവരണവുമായി ബന്ധപ്പെട്ട കേസ് പരിഗണിക്കുന്നതിനിടെ ജസ്റ്റിസ് സൂര്യകാന്ത് നിരീക്ഷിച്ചു. രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ആളുകൾ സമൂഹത്തിലുണ്ട്. അവർക്ക് എന്തുകൊണ്ട് സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. സംവരണത്തിന്റെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങൾ കൂടുതൽ വിഭാഗങ്ങളെ തിരിച്ചറിയാൻ ബാധ്യസ്ഥരാണെന്നും നിരീക്ഷിച്ചു. മഹാരാഷ്ട്രയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഒബിസി ക്വോട്ട സംബന്ധിച്ച നിയമയുദ്ധം നടക്കുന്നതിനാൽ തിരഞ്ഞെടുപ്പ് അനന്തമായി നീണ്ടുപോകുകയാണ്. 2016-17 വർഷത്തിലാണ് അവസാനമായി തിരഞ്ഞെടുപ്പ് നടന്നത്. ഒബിസി സംവരണവിഷയം മൂലം കേസുകൾ ഇനിയും നീട്ടിക്കൊണ്ടു പോകാൻ കഴിയില്ലെന്നു വ്യക്തമാക്കിയ കോടതി നാലാഴ്ചയ്ക്കകം തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറത്തിറക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് നിർദ്ദേശിച്ചു.

(മാധ്യമം, മെയ് 7)

## തദ്ദേശസ്ഥാപനങ്ങളിൽ അദ്ധ്യക്ഷ സംവരണമായി

തദ്ദേശസ്ഥാപനങ്ങളിലയ്ക്കു ള്ള തിരഞ്ഞെടുപ്പിന് മുന്നോ ടിയായി അദ്ധ്യക്ഷ സ്ഥാനം നിശ്ചയിച്ചു. ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷ നുകൾ എന്നിവയിലെ അദ്ധ്യ ക്ഷരുടെ വിവിധ വിഭാഗം സം വരണ ത്തിലെ എണ്ണമാണ് തീരുമാനമായത്.

(മാതൃഭൂമി, മെയ് 4)

## അജയ്കുമാർ യുപിഎസ്്സി ചെയർമാൻ

യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻ (യുപിഎസ്്സി) ചെയർമാനായി മുൻപ്രതിരോധ സെക്രട്ടറി അജയ്കുമാറിനെ നിയമിച്ചു. ഉത്തർപ്രദേശുകാരനായ അജയ്കുമാർ 1985 ബാച്ചിലെ കേരള കേഡർ ഉദ്യോഗസ്ഥനായിരുന്നു. കേരള സർക്കാരിൽ പ്രിൻസിപ്പൽ സെക്രട്ടറി അടക്കമുള്ള പദവികൾ വഹിച്ചിട്ടുണ്ട്. 2019 മുതൽ 2022 വരെയാണ് പ്രതിരോധസെക്രട്ടറിയായി സേവനമുഷ്ഠിച്ചത്.

(മാധ്യമം, മെയ് 15)

## ഇനി ഇ-സമൻസ്

പൂമുഖവാതിലിലും ഭിത്തിയിലും കോടതിയുടെ സമൻസ് പതിക്കുന്ന പോലീസിന്റെ ഏർപ്പാട് പൂർണമായി അവസാനിപ്പിക്കുന്നു.
സമൂഹമാധ്യമ അക്കൗണ്ടും ഇ-മെയിലും വഴി സമൻസ് നൽകുന്നു ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിലെ (ബിഎൻഎസ്എസ്) വകുപ്പുകൾ പ്രകാരം ഔദ്യോഗികമാക്കാനുള്ള ചട്ടങ്ങൾ സർക്കാർ രൂപീകരിച്ചു. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകൾക്കും നൽകി.

കേരള പ്രൊസീജ്യർ ഫോർ സർവ്വീസ് ഓഫ് സമൻസ് റൂൾസ്-2025 എന്നാണ് ചട്ടത്തിന്റെ പേര്. സമൻസ് ലഭിക്കേണ്ടയാളുടെ ആധാർ നമ്പരുമായി ബന്ധിപ്പിച്ച ഒരു ഫോൺനമ്പർ നിലവിലുണ്ടെങ്കിൽ ഈ നമ്പർ വഴി ലഭിക്കുന്ന ഏതു സമൻസും ഇനി മുതൽ ഔദ്യോഗികമാണ്. ഇത്തരത്തിൽ ലഭിക്കുന്ന സമൻസ് അനുസരിച്ച് കോടതിയിൽ ഹാജരാകുന്നതു കക്ഷിയുടെ ഉത്തരവാദിത്തമാണ്.

സ്വന്തമായി ഫോൺ നമ്പരോ, വാട്സാപ്, ടെലിഗ്രാം തുടങ്ങിയ സമൂഹ മാധ്യമ അക്കൗണ്ടുകളോ ഇ-മെയിൽ അഡ്രസോ ഇല്ലാത്തവർക്കു മാത്രം തുടർന്നും പേപ്പർ സമൻസ് ലഭിക്കും. ഇലക്ട്രോണിക് മാധ്യമം വഴി സമൻസ് ലഭിച്ചാലും പേപ്പർ സമൻസ് ലഭിച്ചാൽ മാത്രം കോടതിയിൽ ഹാജരായാൽ മതിയെന്ന നിലപാട് സ്വീകരിക്കാൻ ഇനി കക്ഷികൾക്കും കഴിയില്ല.

(മലയാള മനോരമ, മെയ് 15)

# കൊച്ചി മെട്രോപ്പൊളിറ്റൻ ആസൂത്രണ കമ്മിറ്റി തിരഞ്ഞെടുപ്പ്

കൊച്ചി മെട്രോപ്പൊളിറ്റൻ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെയും ചെയർമാന്റെയും തിരഞ്ഞെടുപ്പിനുള്ള നടപടി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിച്ചു. വരണാധികാരിയായി എറണാകുളം ജില്ലാകളക്ടറെ കമ്മീഷൻ നിയോഗിച്ചു.

കൊച്ചി മെട്രോപ്പൊളിറ്റൻ പ്രദേശത്ത് ഉൾപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നുമാണ് ആസൂത്രണകമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. 29 ഗ്രാമപഞ്ചായത്തുകൾ, ഒൻപത് മുനിസിപ്പാലിറ്റികൾ, ഒരു കോർപ്പറേഷൻ എന്നിവയാണ് മെട്രോപ്പൊളിറ്റൻ പ്രദേശത്ത് ഉൾപ്പെടുന്നത്.

കൊച്ചി കോർപ്പറേഷൻ, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കളമശ്ശേരി, പറവൂർ, ആലുവ, അങ്കമാലി, ഏലൂർ, തൃക്കാക്കര, മരട് എന്നീ മുനിസിപ്പാലിറ്റികൾ, പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, മുളവുകാട്, ഞാറയ്ക്കൽ, ചേരാനല്ലൂർ, കടമക്കുടി, വരാപ്പുഴ, കോട്ടുവള്ളി, ഏഴിക്കര, കൊടുങ്ങല്ലൂർ, ആലെങ്ങാട്, ചൂർണിക്കര, എടത്തല, കീഴ്മാട്, ശ്രീമൂലനഗരം, ചെങ്ങമനാട്, നെടുമ്പാശ്ശേരി, കാഞ്ഞൂർ, വാഴക്കുളം, ചെല്ലാനം, വടവുകോട് പുത്തൻകുരിശ്, ചോറ്റാനിക്കര, മുളന്തുരുത്തി, ഉദയംപേരൂർ, കുമ്പളം, കുമ്പളങ്ങി, എളംകുന്നപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകൾ എന്നിവയാണ് കൊച്ചി മെട്രോപ്പൊളിറ്റൻ പ്രദേശത്ത് ഉൾപ്പെടുന്ന തദ്ദേശസ്ഥാപനങ്ങൾ.

മെട്രോപ്പൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണവും സംവരണസ്ഥാനങ്ങളുടെ എണ്ണവും നിശ്ചയിച്ച് സർക്കാർ ഉത്തരവായിരുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും നാല് അംഗങ്ങളെയും, മുനിസപ്പൽ കൗൺസിലർമാരിൽ നിന്നും രണ്ടംഗങ്ങളെയും കോർപ്പറേഷൻ കൗൺസിലർമാരിൽ നിന്നും നാല് അംഗങ്ങളെയുമാണ് തിരഞ്ഞെടുക്കേണ്ടത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും രണ്ട് അംഗങ്ങളെയും, മുനിസിപ്പൽ കൗൺസിലർമാരിൽ നിന്നും ഒരംഗത്തെയും, കോർപ്പറേഷൻ കൗൺസിലർമാരിൽ നിന്നും രണ്ട് അംഗങ്ങളെയും വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുമുള്ള ഒരംഗം പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്തിട്ടുണ്ട്. ആസൂത്രണകമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും, മുനിസിപ്പൽ കൗൺസിലർമാരുടെയും, കോർപ്പറേഷൻ കൗൺസിലർമാരുടെയും വെവ്വേറെ യോഗം പ്രത്യേകമായി വിളിച്ചു ചേർക്കും. ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റകൈമാറ്റ വോട്ടുമുഖേനയാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്.

## ഡോ. റ്റി ഗംഗാവർമ്മയ്ക്ക് യാത്രയയപ്പ്




സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും വിരമിച്ച കമ്മീഷനിലെ ജീവനക്കാരുടെ വെൽഫെയർ ക്ളബ്ബിന്റെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി. ക്ളബ് പ്രസിഡന്റും കമ്മീഷൻ സെക്രട്ടറിയുമായ ബി എസ് പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ മുഖ്യപ്രഭാഷണം നടത്തി ജോയിന്റ് സെക്രട്ടറിമാരായ എ സുരേഷ്കുമാർ, പി ജെ ജയിംസ്, ലോ ഓഫീസർ പ്രീതി ആർ നായർ, കൺസൾട്ടന്റ് എം ഷാജഹാൻ, വി രാജീവ്കുമാർ, പ്രദീപ് തുടങ്ങിയവർ ചടങ്ങിൽ ആശംസകളർപ്പിച്ചു. ഡോ. റ്റി ഗംഗാവർമ്മ മറുപടി പ്രസംഗം നടത്തി. എം എസ് ആതിരാമോഹൻ സ്വാഗതവും എസ് അനൂപ് കൃതജ്ഞതയും പറഞ്ഞു.

## ഷിന്റോ തോമസിന് യാത്രയയപ്പ്



സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഇൻഫർമേഷൻ ടെക്നോളജി സേവനദാതാവായ നാഷണൽ ഇൻഫർമേഷൻ സെന്ററിൽ നിന്നും വിരമിക്കന്ന ഷിന്റോ തോമസിനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ യാത്രയയപ്പ് നൽകി. ചടങ്ങിൽ തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ മുഖ്യപ്രഭാഷണം നടത്തി. കമ്മീഷന്റെ ഉപഹാരം കമ്മീഷണർ എ ഷാജഹാൻ ഷിന്റോ തോമസിന് സമ്മാനിച്ചു. ചടങ്ങിൽ കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശ്, ജോയിന്റ് സെക്രട്ടറി എ സുരേഷ് കുമാർ തുടങ്ങിയവർ ആശംസക ളർപ്പിച്ചു.

**EDITORIAL TEAM**

*Sureshkumar A.*
*James P J*

**PHOTOGRAPHY**

*I & PRD*
*Aravind M.A.*

(ലേഖനങ്ങളിലുള്ള അഭിപ്രായം ലേഖകരുടേത് മാത്രമാണ്)

Chief Editor B.S. Prakash | ***For Private Circulation Only*** | Editor: K.M.Aiyyappan

*Edited, Printed & Published by The Secretary,State Election Commission*